കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വണ്ടാഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-പി18-1459/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 22.08.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വണ്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടാഴി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-പി18-1459/2017 തിയ്യതി: 22.08.2017

## പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9-11-2016 മുതൽ 17-7-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 നം മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുനിൽദാസ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-7-2017 മുതൽ 24-7-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.വി.കെ.രാധാകൃഷ്ണൻ | ഓഡിറ്റർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ (25.7.17) |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സുമാവലി മോഹൻദാസ് | 1-4-2016 മുതൽ |

| | | |
|---|---|---|
| | | 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ.കെ.രാധാകൃഷ്ണൻ | 1-4-2016 മുതൽ 8-12-2016 വരെ |
| | ശ്രീമതി.ബിൻസി ചെറിയാൻ, അസി. സെക്രട്ടറി(സെക്രട്ടറി ഇൻ-ചാർജ്ജ്) | 9-12-2016 മുതൽ 3-1-2017 വരെ |
| | ശ്രീ.കെ.ജി.സജീവ് കുമാർ, ജെ.എസ്(സെക്രട്ടറി ഇൻ-ചാർജ്ജ്) | 4-1-2017 മുതൽ 8-2-2017 വരെ |
| | ശ്രീ.കെ.നാരായണൻ, അസി. സെക്രട്ടറി(സെക്രട്ടറി ഇൻ-ചാർജ്ജ്) | 9-2-2017 മുതൽ 31-3-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.എം.എസ്.സിനീഷ് | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ - 2 | ശ്രീമതി.അംബികാവതി.ആർ | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ - 1 | ശ്രീ.സുജേഷ്.യു | 1-4-2016 മുതൽ 30-11-2016 വരെ |
| | ശ്രീമതി.രഞ്ജിനി.എം | 1-12-2016 മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമിത.ജയലക്ഷ്മി.ആർ | 1-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ടി.ശശിധരൻ | 1-4-2016 മുതൽ 31-1-2017 |
| | ശ്രീ.രമേഷ്.എം | 1-2-2017 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ഉല്ലാസ് തോമസ് | 1-4-2016 മുതൽ 31-3-2017 |
| മെഡിക്കൽ ഓഫീസർ- | ഡോ.പ്രീതാ ദേവദാസ് | 1-4-2016 മുതൽ 3-8-2016 |

| | | |
|---|---|---|
| ആയുർവേദം | ഡോ.എ.കെ.മഹേഷ് | 4-8-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.പ്രതിഭ | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ശ്രീജിഷ | 1-4-2016 മുതൽ 31-3-2017 വരെ |
| എച്ച്.എം | ശ്രീമതി.ലോഹിതാക്ഷി.പി.എം | 1-4-2016 മുതൽ 31-3-2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജയപ്രകാശ് | 1-4-2016 മുതൽ 31-3-2017 |
| അസി.സെക്രട്ടറി | ശ്രീമതി.ബിൻസി ചെറിയാൻ | 1-4-2016 മുതൽ 3-1-2017 വരെ |
| | ശ്രീ.കെ.ജി.സജീവ് കുമാർ, ജെ.എസ്(സെക്രട്ടറി ഇൻ-ചാർജ്ജ്) | 4-1-2017 മുതൽ 8-2-2017 വരെ |
| | ശ്രീ.കെ.നാരായണൻ, അസി. സെക്രട്ടറി | 9-2-2017 മുതൽ 31-3-2017 വരെ |

<u>ഉള്ളടക്കം</u>

<u>ഭാഗം 1</u>

<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം</u>

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രിക | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കേണ്ടതാണ് | 2-1 |
| 2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-2 |
| 3 | ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷ സ്വീകരിക്കുന്നതിനും പെർമ്മിറ്റ് അനുവദിക്കുന്നതിനുമുള്ള ഓൺലൈൻ സംവിധാനം ഏർപ്പാടാക്കിയിട്ടില്ല | 2-3 |
| 4 | ഡി&ഓ ലൈസൻസ് അനുവദിക്കുമ്പോൾ രേഖകളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 2-4 |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കേണ്ടതാണ് | 3-1 |
| 2 | തളികക്കല്ല് പട്ടിക വർഗ്ഗ കോളനിയിൽ സ്ഥാപിച്ച സോളാർ ലാമ്പുകളുടെ തുടർപരിപാലനം ഉറപ്പാക്കേണ്ടതാണ് | 3-2 |
| 3 | പഞ്ചായത്തിലേക്ക് തിരികെ ഏൽപ്പിച്ച കുടിവെള്ള പദ്ധതിയുടെ മോട്ടോർ ഉപയോഗപ്രദമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ് | 3-3 |
| 4 | ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല | 3-4 |
| 5 | എസ്.എസ്.എൽ.സി, പ്ലസ് 2 ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് പാരിതോഷികം നൽകുന്നതിനായി വികസനഫണ്ട് വകമാറ്റി ചെലവഴിച്ചു | 3-5 |
| 6 | ആശ്രയ പദ്ധതി ഭവന പുനരുദ്ധാരണം - ആവശ്യകത വിലയിരുത്താതെ അധിക തുക മുൻകൂറായി കുടുംബശ്രീ അക്കൗണ്ടിലേക്ക് മാറ്റിയത് ക്രമപ്രകാരമല്ല | 3-6 |
| 7 | തെരുവു വിളക്കുകളുടെ എ.എം.സി - എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിച്ചതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല. | 3-7 |
| 8 | ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 3-8 |
| 9 | വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ഒ.ഡി.എഫ്)- വണ്ടാഴി ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം | 3-9 |
| 10 | മാലിന്യ സംസ്കരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല | 3-10 |
| 11 | ഹോമിയോ ഡിസ്പൻസറിയിലേക്കുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല- തുടർനടപടികൾ ആവശ്യപ്പെടുന്നു | 3-11 |
| 12 | അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് | 3-12 |
| 13 | നെൽകൃഷിക്കുള്ള പ്രാരംഭ കൃഷിച്ചെലവിന് ധനസഹായം - നടപടിക്രമങ്ങളിലെ അപാകതമൂലം ബിൽ തുക മാറിയില്ല | 3-13 |
| 14 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്-അവലോകനം | 3-14 |
| 15 | മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 3-15 |

| | | |
|---|---|---|
| 16 | എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകിയത് ക്രമപ്രകാരമല്ല | 3-16 |
| 17 | വടക്കുമുറി കുടിവെള്ള പദ്ധതി - എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തി | 3-17 |
| 18 | സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സിംഗിൾ ടെണ്ടർ അംഗീകരിച്ച | 3-18 |
| 19 | പാലിയേറ്റീവ് പരിചരണ പരിപാടി - അവലോകനം | 3-19 |
| 20 | തനത്ഫണ്ട് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നത് ഒഴിവാക്കേണ്ടതാണ് | 3-20 |
| 21 | കൃഷി ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കേണ്ടതാണ് | 3-21 |

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |

| | | |
|---|---|---|
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 3-3-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 180630500 രൂപയും ചെലവ് 178630615 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 22-6-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11961404 |
| വരവ് | 61603145 |

| | |
|---|---|
| ആകെ | 73564549 |
| ചെലവ് | 53940897 |
| നീക്കിയിരിപ്പ് | 19623652 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11501921 | 11501921 | 11501921 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 6878973 | 6878973 | 6878973 | 0 |
| വികസനഫണ്ട് ടി.സി.പി | 0 | 45000 | 45000 | 45000 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 3197217 | 3197217 | 3197217 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 1452057 | 1452057 | 1452057 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6305045 | 6305045 | 6305045 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2596094 | 2596094 | 2596094 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 966 | 22496829 | 22497795 | 22495765 | 2030 |
| ബി ഫണ്ട് | 0 | 47852395 | 47852395 | 47852395 | 0 |

# 1-6 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3432800 | 4462407 | 1029607 | (+) 30 |
| നികുതിയേതര വരവുകൾ | 1326173 | 2254427 | 928254 | (+) 70 |
| ആകെ | 4758973 | 6716834 | 1957861 | (+) 41 |

# 1-7 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് % |
|---|---|---|---|---|---|---|
| 147 | 63300169 | 98 | 34740826 | - | 49 | 55 |

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 67% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 55% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 1 | 2886800 | 50000 | 2 |
| വി.ഇ.ഒ - I | 4 | 2 | 4870192 | 3075200 | 63 |
| വി.ഇ.ഒ - II | 5 | 4 | 2345000 | 1535000 | 65 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 10 | 6208632 | 4168499 | 67 |
| സെക്രട്ടറി | 11 | 9 | 4123920 | 2944578 | 71 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | 88 | 50 | 31210202 | 15506537 | 50 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 711476 | 616876 | 87 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 350000 | 350000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 3190000 | 826300 | 26 |
| എച്ച്.എം | 4 | 4 | 1864947 | 1849337 | 99 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 1000000 | 774999 | 77 |
| അസി.സെക്രട്ടറി | 8 | 7 | 4239000 | 2743500 | 65 |
| ആകെ | 147 | 98 | 63300169 | 34740826 | 55 |

തൻവർഷം ഉത്പാദന മേഖലയിലെ ചെലവ് വളരെയധികം കുറഞ്ഞിട്ടുണ്ട്. കൃഷി ഓഫീസർ, വെറ്ററിനറി സർജ്ജൻ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനങ്ങളിലെ പങ്കാളിത്തം ഊർജ്ജിതമാക്കേണ്ടതാണ്. പദ്ധതികളുടെ മോണിറ്ററിംഗ് ശക്തമാക്കി അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കർമ്മസമിതികളുടേയും അതത് സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ഫലപ്രദമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 9 | 9 | 2 |

| | | | | |
|---|---|---|---|---|
| 2 | തൊഴിൽ രഹിത വേതനം | 23 | 23 | 16 |
| 3 | വിധവാ പെൻഷൻ | 109 | 109 | 4 |
| 4 | വികലാംഗ പെൻഷൻ | 19 | 19 | 3 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11 | 11 | 11 |
| 6 | വാർദ്ധക്യകാല പെൻഷൻ | 559 | 559 | 50 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-7-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1612 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശ ങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 12-7-2017 | 6/2017 | റിപ്പോർട്ട് ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-1-2017 മുതൽ 7-2-2017 വരെ | 2011-12 മുതൽ 2015-16 വരെ | 7-4-2017 | - |

## 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കേണ്ടതാണ്

### എ. വസ്തുനികുതി കുടിശ്ശിക

2016-17 വർഷത്തെ വാർഷിക കണക്ക് പ്രകാരം ഈടാക്കുവാൻ ബാക്കിയുള്ള വസ്തു നികുതിയുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| വീട്ടുകൾ - തൻവർഷ കുടിശ്ശിക | 283693 |
| വീട്ടുകൾ - മുൻവർഷ കുടിശ്ശിക | 322919 |
| ഗാർഹികേതര കെട്ടിടങ്ങൾ - തൻവർഷ കുടിശ്ശിക | 273065 |
| ഗാർഹികേതര കെട്ടിടങ്ങൾ - മുൻവർഷ കുടിശ്ശിക | 795663 |
| ആകെ | 1675340 |

കുടിശ്ശികയുടെ വിശദാംശങ്ങൾ 24-7-2017 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് കുടിശ്ശിക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അധികൃതർ അറിയിച്ചു.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### ബി. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ് തുകയിൽ വരുന്ന മാറ്റം പരിഹരിക്കേണ്ടതാണ്

വസ്തു നികുതി കണക്കാക്കുന്നതിനായി ഉപയോഗിക്കുന്ന സഞ്ചയ സോഫ്റ്റ്‌വെയർ നിലവിൽ സാഖ്യയുമായി ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും സാംഖ്യ പ്രകാരമുള്ള ഡിമാന്റും സഞ്ചയ പ്രകാരമുള്ള ഡിമാന്റും പൊരുത്തപ്പെടാത്തത് സഞ്ചയ സോഫ്റ്റ്‌വെയറിന്റെ പരിമിതിയായി വിലയിരുത്തുന്നു.

സ.ഉ(എം.എസ്) നം. 144/15/ ത.സ്വ.ഭ.വ തിയതി 27-4-2015 പ്രകാരം 660 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കുമ്പോൾ മുൻ വർഷങ്ങളിലെ കുടി ഡിമാന്റ് തുകയിൽ വ്യത്യാസം വരുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു.

ഇത്തരത്തിലുള്ള അപാകതകൾ ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച കണക്ക് പ്രകാരം 12 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ട്. ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിലെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ടവർ ഉടമകൾ വർഷങ്ങളോളം നികുതി കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടെത്തി.
12 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 245474 രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം | ടവറിന്റെ ഉടമ | നിർണ്ണയിച്ച വസ്തു നികുതി | വസ്തു നികുതി കുടിശ്ശിക/ ഏതു വർഷം മുതൽ |
|---|---|---|---|---|
| 1 | 14/673 | ഇൻഡസ് ടവർ | 6930 | 6933 (2016-17 ) |

| | | | | |
|---|---|---|---|---|
| 2 | 14/674 | എസ്സാർ ടെലികോം | 5775 | 110 (2016-17) |
| 3 | 11/282 | ഇൻഡസ് ടവർ | 7560 | 30920 (2011-12മുതൽ) |
| 4 | 11/39 | ബി.എസ്.എൻ.എൽ | 14612 | 58443 (2013-14 മുതൽ) |
| 5 | 9/609 | ഇൻഡസ് ടവർ | 6300 | 25200 (2013-14) |
| 6 | 9/610 | റിലയൻസ് ഡിഷ്നെറ്റ് | 5670 | 24723 (2010-11 മുതൽ) |
| 7 | 12/353 | ടാറ്റ ടെലികോം | 9240 | 36975 (2009-10 മുതൽ) |
| 8 | 12/804 | ഇൻഡസ് ടവർ | 4332 | 18661 (2010-11 മുതൽ) |
| 9 | 12/896 | എ.റ്റി.സി.ടെലികോം | 8279 | 8279 (2016-17) |
| 10 | 18/654 | ഇൻഡസ് ടവർ | 9791 | 11528 (2015-16 മുതൽ) |
| 11 | 2/161 | ഇൻഡസ് ടവർ | 7088 | 1022 (2016-17) |
| 12 | 4/491 | എ.റ്റി.സി.ടെലികോം | 22680 | 4260 (2016-17) |
| ആകെ | | | 245474 | |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. സ.ഉ(എം.എസ്)നം.150/14/ ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷാ ഫീസ് 25000 രൂപയാണ്. മൊബൈൽ ടെലിഫോൺ ടവറിന് സ.ഉ(അ)നം.19/2011/ത.സ്വ.ഭ.വ തിയതി 14-1-2011 പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും യഥാസമയം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് അനധികൃത ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ക്രമവൽക്കരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ നഷ്ടം ഉണ്ടാകാതിരിക്കുവാൻ ഭരണസമിതിയുടേയും

ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ബിൽഡിംഗ് പെർമിറ്റ് അപേക്ഷ സ്വീകരിക്കുന്നതിനും പെർമിറ്റ് അനുവദിക്കുന്നതിനുമുള്ള ഓൺലൈൻ സംവിധാനം ഏർപ്പാടാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പിന്റെ 4-10-2013 ലെ സ.ഉ.(സാധാ) നം. 2465/13/തസ്വഭവ പ്രകാരം കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിക്കുന്ന എല്ലാ അപേക്ഷകളും സ്വീകരിക്കുന്നതും കെട്ടിട നിർമ്മാണാനുമതി നല്കുന്നതും ഐ.കെ.എം. വികസിപ്പിച്ച "സങ്കേതം" സോഫ്റ്റ്‌വെയർ മുഖേന മാത്രമായിരിക്കണമെന്ന് നിർദ്ദേശിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ തൻവർഷം ലഭിച്ച 255 അപേക്ഷകളും മാന്വലായാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരിക്കുന്നത്. 215 എണ്ണത്തിന് അനുമതി നല്കിയിരിക്കുന്നതും മാന്വലായാണ് എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. 40 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുമുണ്ട്.

പെർമിറ്റ് നല്കിയ 215 വ്യക്തികളിൽ ഭവന നിർമ്മാണം പൂർത്തികരിച്ചവരുടേയും പൂർത്തികരിക്കുവാൻ ബാക്കിയുള്ളവരുടേയും വിവരം, പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നല്കി നികുതി നിർണ്ണയിച്ച് ഈടാക്കിയതിന്റെ വിവരം എന്നീ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ നിശ്ചിത കോളങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ന്യൂ ബിൽഡിംഗ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുമില്ല.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 11/ 22-7-2017 നുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ 2017 ജൂലായ് മാസം 22 മുതൽ സങ്കേതം സോഫ്റ്റ് വെയർ മുഖേന സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ന്യൂ ബിൽഡിംഗ് രജിസ്റ്റർ എഴുതി സൂക്ഷിക്കാമെന്നും അറിയിച്ചിട്ടുണ്ട്.
അപാകതകൾ പരിഹരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 ഡി&ഒാ ലൈസൻസ് അനുവദിക്കുമ്പോൾ രേഖകളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 493 വ്യാപാര സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | എണ്ണം |
|---|---|---|
| 1 | കച്ചവടം | 381 |
| 2 | ഭക്ഷ്യവസ്തുക്കളുടെ കച്ചവടം | 19 |
| 3 | ഹോട്ടൽ | 20 |
| 4 | പെട്രോൾ പമ്പ് | 1 |

| | | |
|---|---|---|
| 5 | ക്വാറി | 11 |
| 6 | ഹോളോ ബ്രിക്സ് യൂണിറ്റ് | 8 |
| 7 | വർക് ഷോപ്പ് | 11 |
| 8 | റൈസ് മിൽ | 34 |
| 9 | സാമിൽ | 5 |
| 10 | കാറ്ററിംഗ് സർവീസ് | 3 |
| ആകെ | | 493 |

1996 ലെ കേരളാ പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 12(5) പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രങ്ങൾ ലഭ്യമായതിനു ശേഷം മാത്രമേ പഞ്ചായത്തിൽ നിന്നും ഡി &ഒ ലൈസൻസ് അനുവദിക്കാവൂ. എന്നാൽ തൻവ്രഷം ലൈസൻസ് അനുവദിച്ച ചില സ്ഥാപനങ്ങളുടെ അപേക്ഷകളോടൊപ്പം ആവശ്യമായ അനുമതി പത്രങ്ങൾ ഹാജരാക്കിയിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ലൈസൻസിനുള്ള അപേക്ഷകളിൽ രേഖപ്പെടുത്തുന്ന വിറ്റുവരവിന്റെ കൃത്യതയും ശരിയായ രീതിയിൽ പരിശോധിക്കപ്പെടുന്നില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

## എ. ഭക്ഷ്യോൽപ്പന്ന വിതരണ സ്ഥാപനങ്ങൾ

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഭക്ഷ്യോത്പന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നുള്ള സാനിറ്ററി സർട്ടിഫിക്കറ്റ് ഉറപ്പാക്കിയിട്ടില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഡി&ഓ രജിസ്റ്ററിലെ ക്രമ നം. | ഉടമ, സ്ഥാപനം |
|---|---|---|
| 1 | 306 | സെക്രട്ടറി, ക്ഷീരോൽപാദക സഹകരണ സംഘം, പന്തപറമ്പ് |
| 2 | 241 | റഫീഖ്, പച്ചക്കറി കട |
| 3 | 330 | പഴണൻ, പലചരക്ക് കട |
| 4 | 110 | ഉണ്ണികൃഷ്ണൻ, ഉണക്കമീൻ കച്ചവടം |
| 5 | 303 | രാമദാസ്, പലചരക്ക് കട |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10-1-2013 ലെ 66562/ആർ.സി3/2012/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരവും ഈ വിഷയത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിയമാനുസൃത രേഖകളുടെ സൂക്ഷിപ്പ് ഉറപ്പാക്കേണ്ടതാണ്.

## ബി. സത്യവാങ്മൂലം

സ്ഥലനാമം രേഖപ്പെടുത്തുന്നതാണെന്നും, നിശ്ചിത മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വിൽപന നടത്തുകയോ, സ്റ്റോക്ക് ചെയ്യുകയോ ചെയ്യുന്നതല്ലെന്നും ഉള്ള സത്യവാങ്മൂലം

അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുന്നില്ല.

പ്ലാസ്റ്റിക് വേസ്റ്റ് റൂൾസ് 2016 ലെ നിർദ്ദേശാനുസരണം വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വില്പന നടത്തുവാൻ പാടുള്ളൂ എന്ന് സർക്കുലർ നം. 576/സി.സി.1/16/തസ്വഭവ തിയതി 24-9-2016 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. വില്പന സാധനങ്ങൾ പ്ലാസ്റ്റിക ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവു കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ് എന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അത്തരത്തിലുള്ള രജിസ്ട്രേഷൻ നടപടികൾ ഉണ്ടായിട്ടില്ല. ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീ ആയി ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച വിജ്ഞാപനം/ ഉത്തരവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. അത്തരത്തിൽ ലഭ്യമാകുന്ന തുക സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

ഈ വിഷയത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

## <u>സി. ഓഡിറ്റ് ഇംപാക്റ്റ് - പെട്രോൾ പമ്പിന് ഡി&ഒ ലൈസൻസ് അനുവദിച്ചതിലെ അപാകത പരിഹരിച്ചു</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീ.എൻ.യൂസഫ് & വഹീദ.പി.എ, മുടപ്പല്ലൂർ എന്നവരുടെ ഉടമസ്ഥതയിലുള്ള സഫ ഫ്യുവൽസ് എന്ന പേരിലുള്ള പെട്രോൾ പമ്പിന്റെ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ മതിയായ പരിശോധന നടത്താതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ലൈസൻസ് നം. 9/2015-16 /4-4-2015

ഡി&ഒ ലൈസൻസിനുള്ള അപേക്ഷയിലെ ക്രമ നം. 12 പ്രകാരം 5 HP മോട്ടോർ പ്രവർത്തിക്കുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 500 രൂപ ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ട്.

രസീതി നം. 11507104406/24-2-2016 – 500 രൂപ

അപേക്ഷയിൽ ക്രമ നം. 20 ൽ ഒരു ദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.
പെട്രോൾ പമ്പിന് വൻ തുക വിറ്റു വരവുള്ള സാഹചര്യത്തിൽ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാതെ മോട്ടോറിന്റെ കുതിരശക്തിയുടെ മാത്രം അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കിയത് ക്രമപ്രകാരമല്ല എന്ന് ചൂണ്ടി കാണിച്ചുകൊണ്ട് ഓഡിറ്റ് അന്വേഷണം നം.3/20-7-2017 നൽകിയതിനെ തുടർന്ന് 2016-17, 2017-18 വർഷത്തെ ലൈസൻസ് ഫീസ് 4000 രൂപയായി പുനർനിശ്ചയിക്കുകയും കുറവായി ഡിമാന്റ് ചെയ്ത 7000 രൂപ രസീതി നം. 11707010938/22-7-2017 പ്രകാരം സ്ഥാപനത്തിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്.
ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### <u>ഓഡിറ്റ് നിർദ്ദേശം</u>

ഓരോ വിഭാഗം സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുമ്പോൾ അതാത് സമയത്ത് ബാധകമായ ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചുള്ള രേഖകൾ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
അപേക്ഷയിലെ രേഖപ്പെടുത്തലുകൾ കൃത്യമാണെന്ന് ഉറപ്പാക്കി ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

മേൽ വിഷയങ്ങളിന്മേലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കേണ്ടതാണ്

സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ചിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും വണ്ടാഴി ഗ്രാമപഞ്ചായത്ത് നാല് കുടിവെള്ള പദ്ധതികൾ ഇപ്പോഴും പരിപാലിക്കുന്നുണ്ട്. കുടിവെള്ള വിതരണ പദ്ധതികളുടെ നടത്തിപ്പിലെ കാര്യക്ഷമത വിലിയിരുത്തുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും വിവിധ രേഖകൾ പരിശോധിക്കുകയും ചെയ്തു.

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലെ കാര്യക്ഷമത പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികളുടെ വിവരം

| ക്രമ നം. | കുടിവെള്ള പദ്ധതി | ഉപഭോക്താക്കളുടെ എണ്ണം | കുറിപ്പ് |
|---|---|---|---|
| 1 | വളയൽ | 97 | വെള്ളം നേരിട്ട് പമ്പ് ചെയ്യുന്നു. |
| 2 | പുളിക്കൻ പറമ്പ് | 258 | വാട്ടർ ടാങ്ക് നിലവിലുണ്ട്. |
| 3 | മാത്തൂർ | 123 | വെള്ളം നേരിട്ട് പമ്പ് ചെയ്യുന്നു. |
| 4 | വടക്കേപ്പുഴ | 258 | വാട്ടർ ടാങ്ക് നിലവിലുണ്ട്. |
| ആകെ | | 736 | |

മേൽ പദ്ധതികളിൽ 730 ഗാർഹിക ഉപഭോക്താക്കളും 6 ഗാർഹികേതര ഉപഭോക്താക്കളുമാണുള്ളത്.

ബി. വെള്ളക്കരവും കുടിവെള്ളത്തിന്റെ ഉപഭോഗവും

കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള നിബന്ധനയിലെ ക്രമ നം. 9 പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് 20000 ലിറ്റർ വരെ പ്രതിമാസം 100 രൂപയും ഗാർഹികേതര ഉപഭോക്താക്കൾക്ക് 200 രൂപയും പ്രതിമാസ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 20000 ലിറ്ററിന് പുറമേയുള്ള ഓരോ ലിറ്ററിനും യഥാക്രമം 10 രൂപ, 20 രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

വെള്ളത്തിന് അളവ് നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഉപയോഗം തടയുന്നതിനായി മീറ്റർ സംവിധാനം ഭാഗികമായി മാത്രമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കുടിവെള്ളത്തിന്റെ ദുരുപയോഗം

വിലയിരുത്തുന്നതിനായി പ്രത്യേക സംവിധാനവും നിലവിലില്ല. എല്ലാ ഉപഭോക്താക്കളിൽ നിന്നും ഒരേ നിരക്കാണ് ഈടാക്കുന്നത്.

സി. പമ്പ് ഓപ്പറേറ്റർമാർ

പദ്ധതികളുടെ നടത്തിപ്പിനായി 4 പമ്പ് ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്.

3 പേർക്ക് 350 രൂപയും ഒരാൾക്ക് 375 രൂപയുമാണ് ദിവസ വേതനമായി നിശ്ചയിച്ചിട്ടുള്ളത്.

ഡി. വരവ്-ചെലവ് കണക്കുകൾ - 2016-17

| | |
|---|---|
| വരവ് | 954600<br>(കുടിശ്ശിക വരവ് 351700 രൂപ ഉൾപ്പെടെ) |
| ചെലവ് | |
| വൈദ്യുതി ചാർജ്ജ് | 459209 |
| പമ്പ് ഓപ്പറേറ്റർ | 520125 |
| അറ്റകുറ്റപണി | 159813 |
| ആകെ ചെലവ് | 1139147 |

വരവും പരിപാലന ചെലവും തമ്മിലുള്ള അന്തരം ഗ്രാമപപഞ്ചായത്തിന്റെ ധനസ്ഥിതിയെ ബാധിക്കുന്നുണ്ട്.

ഇ. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട്.

എഫ്. കുടിശ്ശികയുടെ വിവരം

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം 701465 രൂപ വെള്ളക്കരം ഇനത്തിൽ ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കേണ്ടതുണ്ട്.

കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള നിബന്ധനകളിലെ ക്രമ നം. 9 പ്രകാരം വെള്ളക്കരം ഓരോ മാസവും 5-ാം തിയതിക്കകം ഒടുക്കേണ്ടതാണ്. ഫൈനോടുകൂടി 2 മാസത്തിനകം തുക ഒടുക്കിയില്ലെങ്കിൽ കണക്ഷൻ വിഛേദിക്കുന്നതാണെന്നും നിബന്ധനയിൽ സൂചിപ്പിച്ചിട്ടുണ്ട്. നിബന്ധന 10 പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് 5 രൂപയും ഗാർഹികേതര ഉപഭോക്താക്കൾക്ക് 10 രൂപയുമാണ് ഫൈൻ നിശ്ചയിച്ചിട്ടുള്ളത്.

10 മാസത്തിൽ കൂടുതൽ കുടിശ്ശിക വരുത്തിയ 114 ഉപഭോക്താക്കൾ നിലവിലുണ്ട്. ധാരാളം ഉപഭോക്താക്കൾ കുടിശ്ശിക വരുത്തിയിട്ടും കൃത്യമായ തുടർനപടികൾ സ്വീകരിക്കുന്നില്ലെന്ന് വിലയിരുത്തുന്നു.

ജി. പദ്ധതികൾ കൈമാറുന്നതിനായി സ്വീകരിച്ച നടപടികൾ

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ നിർദ്ദേശം പാലിച്ചുകൊണ്ട് 7-9-2016, 8-9-2016, 9-9-2016 തിയതികളിൽ ഗുണഭോക്താക്കളുടെ യോഗം ഗ്രാമപഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ

വിളിച്ച ചേർത്തിട്ടുണ്ട്. നാളിതുവരെ ഇക്കാര്യത്തിൽ തീരുമാനം ആയിട്ടില്ല. ഗുണഭോക്താക്കളുടെ താത്പര്യക്കുറവ് ഒരു പ്രധാന തടസ്സമാണെന്ന് സെക്രട്ടറി അറിയിച്ചു.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പരിപാലനച്ചുമതല അതാത് പ്രദേശത്തെ ജനങ്ങളുടെ സമിതികൾക്ക് കൈമാറി ഗ്രാമപഞ്ചായത്തിലെ എല്ലാവർക്കും കുടിവെള്ളം ഉറപ്പുവരുത്താവുന്നതാണെന്ന തിരിച്ചറിഞ്ഞ് ആയതിനുള്ള തുടർപദ്ധതികൾ ആവിഷ്കരിക്കേണ്ടത് അനിവാര്യമാണ്. 13-ാം പദ്ധതിയുടെ മാർഗ്ഗരേഖ കൂടി കണക്കിലെടുത്ത് തുടർപദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന 30-5-2009 ലെ സ.ഉ(സാ)നം.1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതി നുള്ള ശ്രമം ഊർജ്ജിതമാക്കേണ്ടതാണ്. ഇക്കാര്യത്തിനായി ഉപഭോക്താക്കൾക്കിടയിൽ ബോധവത്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

3. പദ്ധതികൾ കൈമാറുന്നതുവരെ അവയുടെ നടത്തിപ്പ് കാര്യക്ഷമമായി നടത്തേണ്ടതാണ്.

4. കുടിവെള്ളത്തിന്റെ ദുരുപയോഗം നടക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

3. വെള്ളക്കരം കുടിശ്ശിക വരുത്തിയവർക്കെതിരെ നിബന്ധനകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

വിഷയം ഓഡിറ്റ് അന്വേഷണം നം. 13/22-7-2017 പ്രകാരവും 24-7-2017 ലെ എക്സിറ്റ് മീറ്റിംഗിലും പഞ്ചയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഭരണാധികാരികൾ അറിയിച്ചിട്ടുണ്ട്.
ഈ വിഷയത്തിന്മേലുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-2** <u>തളികക്കല്ല് പട്ടിക വർഗ്ഗ കോളനിയിൽ സ്ഥാപിച്ച സോളാർ ലാമ്പുകളുടെ തുടർപരിപാലനം ഉറപ്പാക്കേണ്ടതാണ്</u>

ഗ്രാമപഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും സംയുക്ത ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതി പ്രകാരം 7 സോളാർ ലാമ്പുകൾ തളികകല്ല് കോളനിയിൽ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം. 128/17 – എസ്.ടി കോളനി സോളാർ ലാമ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

അടങ്കൽ - 761560 രൂപ

(വികസന ഫണ്ട് - ടി.എസ്.പി - 34560 + ബ്ലോക്ക് വിഹിതം - 727000)

727000 രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഡി.ഡി നം. 798363/2-1-2017 പ്രകാരം പഞ്ചായത്തിൽ ലഭ്യമാവുകയും അക്കൗണ്ടിൽ വരവു വെക്കുകയും ചെയ്തിട്ടുണ്ട്.

2016-17 വർഷത്തെ ചെലവ് - 379000 (ചെക്ക് നം. 1580783/29-3-2017)

2017-18 വർഷത്തിൽ 278565 രൂപ കൂടി ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

(പ്രൊ.നം. 173/18, ചെക്ക് നം. 1580785/13-6-2017)

നാളിതുവരെയുള്ള ചെലവ് - 657565 രൂപ (ബ്ലോക്ക് വിഹിതം)

ടെണ്ടർ നടപടികൾ സ്വീകരിച്ച് കുറഞ്ഞ തുക ക്വോട്ട് ചെയ്ത മെനോറ പവർ, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. 50 വാട്ട്, 50000 മണിക്കൂർ, എൽ.ഇ.ഡി ബ്രാന്റ്, 12 V 120 AH ബാറ്ററി, ബാറ്ററി ബോക്സ്, സോളാർ പാനൽ, 7 മീറ്റർ പോൾ എന്നീ സ്പെസിഫിക്കേഷനുകളോടുകൂടിയ ലാമ്പ് ഒന്നിന് 94750 രൂപയാണ് സ്ഥാപനം ക്വോട്ട് ചെയ്തിരുന്നത്. 3 വർഷത്തെ വാറണ്ടിയും ഉറപ്പാക്കിയിട്ടുണ്ട്.

എഗ്രിമെന്റ് നം. - 7/17/1-3-2017

2016-17 വർഷത്തിൽ 4 ലാമ്പുകളും 2017-18 ൽ മൂന്നു ലാമ്പുകളും സ്ഥാപിച്ചിട്ടുണ്ട്.

### ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഒറ്റപ്പെട്ടു കിടക്കുന്ന തളികക്കല്ല് ആദിവാസി കോളനിയിൽ സ്ഥാപിച്ചിട്ടുള്ള ലാമ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്ററും എഗ്രിമെന്റ് ഉൾപ്പെടെയുള്ള രേഖകളും പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.
2. മൂന്നു വർഷ വാറണ്ടി കാലയളവിനുള്ളിൽ ലാമ്പുകൾക്കുണ്ടാകാവുന്ന കേടുപാടുകൾ ലാമ്പ് സ്ഥാപിച്ച സ്ഥാപനം തന്നെ നിർവ്വഹിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.
3. ലാമ്പുകളുടെ പരിപാലനത്തിനും നിരീക്ഷണത്തിനുമായി ഒരു പ്രാദേശിക സമിതി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
4. തകരാറുകൾ യഥാസമയം പരിഹരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.
5. ലാമ്പുകൾക്ക് 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ (ശരാശരി 10 വർഷം) ലാമ്പുകൾ ഈ കാലയളവിനുള്ളിൽ ഉപയോഗ രഹിതമാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
6. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ തുകയിൽ ചെലവഴിക്കാത്ത 69435 രൂപ തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിഷയം ഓഡിറ്റ് അന്വേഷണം നം. 10/21-7-2017 പ്രകാരവും 24-7-2017 ലെ എക്സിറ്റ് മീറ്റിംഗിലും പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 വടക്കുമുറി കുടിവെള്ള പദ്ധതി - പഞ്ചായത്തിന് തിരികെ

## ഏൽപ്പിച്ച മോട്ടോർ ഉപയോഗപ്രദമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

പ്രൊ.നം. 144/17

അടങ്കൽ - 200000 രൂപ (സി.എഫ്.സി)

കരാറുകാരൻ - ശ്രീ.ഫ്രാങ്ലിൻ ജോസ്

എഗ്രിമെന്റ് - 21/30-1-2017

ചെലവ് - 139513 (ബിൽ നം. 24/28-2-2017)

അളവു പുസ്തകം നം. 449/16-17

വടക്കുമുറി കുടിവെള്ള പദ്ധതി എന്ന പ്രൊജക്റ്റ് പ്രകാരം നിലവിലുള്ള 5 HP മോട്ടോർ മാറ്റുകയും പുതിയ 7.5 HP മോട്ടോർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

പഴയ 5 HP മോട്ടോറും 10 അടി വീതം നീളമുള്ള 6 UPVC പൈപ്പുകളും അസി. എഞ്ചിനിയർ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. സെക്രട്ടറിയുടെ 8-2-2017 ലെ ബി1-656/17 നം. കത്ത് പ്രകാരം സാമഗ്രികൾ പഞ്ചായത്ത് ഓഫീസിൽ കൈപ്പറ്റിയതായി അസി.എഞ്ചിനിയറെ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

മോട്ടോറിന് കാലപ്പഴക്കം ഉണ്ടെങ്കിലും ഉപയോഗ ശൂന്യമാണെന്ന് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ മോട്ടോർ ഏതെങ്കിലും കുടിവെള്ള പദ്ധതിക്കായി ഉപയോഗപ്രദമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ഉപയോഗശൂന്യമാണെന്ന പക്ഷം മോട്ടോറും പൈപ്പുകളും കയ്യൊഴിച്ച് ലഭ്യമാകുന്ന തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

മോട്ടോറും പൈപ്പുകളും സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ടെന്നും ചെറിയ റിപ്പയർ നടത്തിയാൽ മറ്റേതെങ്കിലും കുടിവെള്ള പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നതാണെന്നും പൈപ്പുകൾ ലേലം ചെയ്യുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം. 6/21-7-2017നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല

2016-17 വർഷത്തിൽ വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിർവ്വഹ ഉദ്യോഗ സ്ഥൻ | ഫണ്ട് | തുക |
|---|---|---|---|---|
| വൈദ്യുതി ബോർഡ് | 171/17-സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ | സെക്രട്ടറി | വികസന ഫണ്ട്- ജനറൽ<br>സി.എഫ്.സി | 149837<br>981373 |
| | 173/17-സമ്പൂർണ്ണ വൈദ്യുതി ലൈൻ നീട്ടൽ | | സി.എഫ്.സി | 500000 |
| ആകെ | | | | 1631210 |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രങ്ങളും ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 6/20-7-2017 ന് മറുപടി ലഭ്യമായില്ല.

## 3-5 എസ്.എസ്.എൽ.സി, പ്ലസ് 2 ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് പാരിതോഷികം നൽകുന്നതിനായി വികസനഫണ്ട് വകമാറ്റി ചെലവഴിച്ചു

47/17-എസ്.എസ്.എൽ.സി, പ്ലസ് 2 ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് പാരിതോഷികം

അടങ്കൽ - 30000 (വികസന ഫണ്ട് - ജനറൽ)

ചെലവ് – 15940

ബിൽ നം. 1/18-10-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ - എച്ച്.എം, ജി.എൽ.പി.എസ്, കടപ്പാറ

പാരിതോഷികം നൽകുന്നതിനായുള്ള ചെലവിന്റെ സാധുത പരിശോധിച്ചതിൽ വികസന ഫണ്ടിൽ നിന്നും തുക വകമാറ്റിയതായി കണ്ടെത്തി.. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എസ്.എസ്.എൽ.സി പരീക്ഷയിൽ സമ്പൂർണ്ണ എ+ നേടിയ 28 വിദ്യാർത്ഥികളേയും +2 വിഭാഗത്തിൽ സമ്പൂർണ്ണ എ+ നേടിയ 4 വിദ്യാർത്ഥികളേയും 100% വിജയം കൈവരിച്ച സി.വി.എം എച്ച്.എസ് നേയും അനുമോദിക്കുന്നതിനായാണ് വികസന ഫണ്ടിൽ നിന്നും 15940 രൂപ

ചെലവഴിച്ചിട്ടുള്ളത്.

30-5-2016 ലെ പഞ്ചായത്ത് തീരുമാനം നം. 5 പ്രകാരം തുക തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുവാനും പിന്നീട് 2016-17 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയതിനുശേഷം തുക തനത് ഫണ്ടിലേക്ക് റീ ക്ലപ്പ് ചെയ്യുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ചെലവുകൾക്ക് പ്രൊജക്റ്റ് ആവിഷികരിച്ച് വികസന ഫണ്ടിൽ നിന്നും ചെലവ് ചെയ്യാവുന്നതല്ല എന്നിരിക്കെ തെറ്റായ തീരുമാനം ഭരണസമിതി എടുത്തപ്പോൾ സെക്രട്ടറിയോ നിർവ്വഹണ ഉദ്യോഗസ്ഥനോ വിയോജിപ്പ് അറിയിച്ചിട്ടില്ല.
തുക നേരിട്ട് വികസനഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 213 ഉപവകുപ്പ് 4, 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ 3(1)(iv) പ്രകാരം വിജയികൾക്കുള്ള സമ്മാനദാനം അസാധാരണ ചെലവിനത്തിൽ ഉൾപ്പെടുന്നതാണ്. തനത് വരുമാനത്തിന്മേലുള്ള മിച്ചഫണ്ടിന്റെ 20 ശതമാനം വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും ചെലവു ചെയ്യുന്നതിന് പരിധി നിശ്ചയിച്ചിട്ടുണ്ട്. ചട്ട പ്രകാരം സമ്മാനദാനത്തിന് തനത് ഫണ്ടിൽ നിന്നും ചെലവ് നിർവ്വഹിക്കുന്നതിന് തടസ്സമില്ലാതിരിക്കെ പ്രൊജക്റ്റ് ആവിഷ്കരിച്ച് വികസന ഫണ്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല.

ചെലവിന്റെ സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| മൊമെന്റോ | 11220 |
| ഫോട്ടോ | 2780 |
| സ്നാക്സ് | 1440 |
| നോട്ടീസ്, ബാനർ | 500 |
| ആകെ | 15940 |

ഓഡിറ്റ് അന്വേഷണം നം. 7/21-7-2017 നുള്ള മറുപടിയിൽ ഏതു ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചതെന്ന് അറിയില്ലായിരുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ എച്ച്.എം വ്യക്തമാക്കിയിട്ടുണ്ട്. മറുപടി തൃപ്തികരമല്ല.

ഓഡിറ്റ് നിർദ്ദേശം

വികസന ഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിച്ച തുക ക്രമീകരിക്കുന്നതുവരെ 15940 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. തുക ക്രമീകരിക്കാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

ഫണ്ടുകളുടെ വകമാറ്റൽ നടത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതി ഭവന പുനരുദ്ധാരണം - ആവശ്യകത വിലയിരുത്താതെ അധിക തുക മുൻകൂറായി കുടുംബശ്രീ അക്കൗണ്ടിലേക്ക് മാറ്റിയത് ക്രമപ്രകാരമല്ല

35/17-അശ്രുയ ഭവന പുനരുദ്ധാരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

അടങ്കൽ - 250000 (വികസന ഫണ്ട് - എസ്.സി.പി - 239400 + തനത് ഫണ്ട് - 10600 )

കുടുംബശ്രീ അക്കൗണ്ടിലേക്ക് മാറ്റിയത് - 239400 (എസ്.സി.പി - ബിൽ നം. 4/14-11-16)

ചെക്ക് നം. 0615844/14-12-2016 – 10600 (തനത് ഫണ്ട്)

പദ്ധതിയുടെ ഫലപ്രാപ്തിയും ധനവിനിയോഗ നടപടിക്രമങ്ങളുടെ പാലനവും വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പത്ത് ആശ്രയ ഗുണഭോക്താക്കൾക്ക് 25000 രൂപ വീതം ഭവന പുനരുദ്ധാരണത്തിനായി വകയിരുത്തുകയും 239400 രൂപ വികസന ഫണ്ടിൽ നിന്നും 10600 രൂപ തനത് ഫണ്ടിൽ നിന്നും മുൻകൂറായി പിൻവലിച്ച് കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

അക്കൗണ്ട് നം. 204201101000012 (വിജയാ ബാങ്ക്)

താഴെ പറയുന്ന നാല് ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുകയും 100000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | പുനരുദ്ധാരണം പൂർത്തീകരിച്ച ഗുണഭോക്താക്കൾ |
|---|---|
| 1 | ശ്രീ.രാധാകൃഷ്ണൻ, മേത്തംകോട് |
| 2 | ശ്രീ.ചിന്ന കോരൻ, നെല്ലിക്കോട് |
| 3 | അംബുജാക്ഷി പൊന്നാരൻ, കുന്നപറമ്പ് |
| 4 | മീനാക്ഷി അപ്പു, പന്നിക്കോട് |

വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് നിക്ഷേപിച്ച 239400 രൂപയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 139400 രൂപയും തനത് ഫണ്ടിൽ നിന്നും അനുവദിച്ച 10600 രൂപയും തിരിച്ചടക്കേണ്ടതാണ്.

ഗുണഭോക്താക്കളുടെ കൃത്യത ഉറപ്പുവരുത്താതെ ഫണ്ടുകൾ മുൻകൂറായി പിൻവലിച്ച് മറ്റൊരു അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെലവഴിക്കാതിരിക്കുയും ചെയ്യുന്നത് ധനവിനയോഗ മാർഗ്ഗരേഖകളുടെ ലംഘനമാണ്. പദ്ധതി സ്പിൽ ഓവർ ആയി നടപ്പിലാക്കുവാൻ 2017-18 വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയിട്ടുമില്ല.
ഓഡിറ്റ് അന്വേഷണം നം. 12/22-7-2017 നുള്ള മറുപടിയിൽ തുക ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം നടത്തി തുക കൈപ്പറ്റാതിരുന്നതിനാലാണ് തുക ചെലവഴിക്കാതിരുന്നതെന്നുംഅറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ആവശ്യകത വിലയിരുത്താതെ പിൻവലിച്ച് കുടുംബശ്രീ അക്കൗണ്ടിലേക്ക് മാറ്റിയ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന വികസന ഫണ്ട് 139400 രൂപയും തനത് ഫണ്ട് 10600 രൂപയും തിരികെ ഈടാക്കേണ്ടതാണ്. തുക ക്രമീകരിക്കുന്നതുവരെ 150000 രൂപ തടസ്സത്തിൽ വെക്കുന്നു.
സമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവഷ്കരിക്കുന്ന ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ചവരുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 തെരുവു വിളക്കുകളുടെ എ.എം.സി - എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിച്ചതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല

### പ്രൊ.നം.45/17-തെരുവു വിളക്കുകളുടെ എ.എം.സി

അടങ്കൽ - 600600 (സി.എഫ്.സി - 598129 + തനത് ഫണ്ട് - 24718)
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ചെലവ് - 598070 രൂപ

ബിൽ നം. 18/22-2-2017 – 274670 രൂപ (അറ്റകുറ്റ പണികൾ)

29/29-3-2017 – 323400 രൂപ (എൽ.ഇ.ഡി ലാമ്പുകൾ)

തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപണികൾക്കുള്ള കരാർ നൽകുന്നതിനായി സ്വീകരിച്ച നടപടി ക്രമങ്ങളുടെ പരിശോധന നടത്തുന്നതിന്റെ ഭാഗമായി രേഖകൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. ടെണ്ടർ സ്പെസിഫിക്കേഷൻ, ടെണ്ടർ പരസ്യം

LED with PCB, Power supply, Connecting Wire, Connector, Refitting charge എന്നീ ഘടകങ്ങൾക്കുള്ള നിരക്ക് ക്വോട്ട് ചെയ്യുവാനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.

ടെണ്ടർ പരസ്യം നം. എ3-843716 തിയതി 13-12-2016

ടെണ്ടർ പരസ്യം ഒരു മലയാള ദിനപത്രത്തിൽ മാത്രമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ച തിയതി - 17-12-2016

ടെണ്ടർ തുറന്ന തിയതി - 27-12-2016
14 ദിവസത്തെ സമയം അനുവദിച്ചിട്ടില്ല.

ബി. ടെണ്ടറിന്റെ അംഗീകാരം

രണ്ട് ടെണ്ടറുകൾ ലഭ്യമായതിൽ മെനോറ പവർ, തൃശ്ശൂർ എന്ന സ്ഥാപനം ക്വോട്ട് ചെയ്ത 1135 രൂപ

കുറഞ്ഞ നിരക്കായതിനാൽ ടി സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ചു നൽകിയിട്ടുണ്ട്. 28-12-2016 തിയതിയിലെ ഭരണ സമിതി തീരുമാനം നം. 3 പ്രകാരം മെനോറ പവർ, തൃശ്ശൂരിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

എഗ്രിമെന്റ് നം. 9/17/1-3-2017

242 ലാമ്പുകൾ റിപ്പയർ ചെയ്ത വകയിൽ 274670 രൂപ മെനോറ പവർ, തൃശ്ശൂരിന് നൽകിയിട്ടുണ്ട്. റിപ്പയർ പ്രവൃത്തികൾ തൃപ്തികരമായി നിർവ്വഹിച്ചിട്ടുണ്ടെന്ന് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സി. ടെണ്ടർ ക്ഷണിക്കാതെ എൽ.ഇ.ഡി ലാമ്പുകൾ വാങ്ങിയത് ക്രമപ്രകാരമല്ല

എ.എം.സി ക്കായി ക്ഷണിച്ച ടെണ്ടറിൽ എൽ.ഇ.ഡി ലാമ്പുകളുടെ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും മെനോറ പവർ, കെ.എസ്.ഐ.ഇ എന്നീ സ്ഥാപനങ്ങൾ 24 W എൽ.ഇ.ഡി ലാമ്പുകളുടെ നിരക്ക് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തി. 27-2-2017 ലെ തീരുമാനം നം. 27(1) പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മെനോറ പവർ, തൃശ്ശൂരിന്റെ നിരക്ക് അംഗീകരിക്കുവാൻ ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. ഫിറ്റിംഗ് ചാർജ്ജ്, സർവ്വീസ് ചാർജ്ജ് എന്നിവ സ്ഥാപനം തന്നെ നൽകേണ്ടതാണെന്നും ആയത് പഞ്ചായത്ത് വഹിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.
താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം 77 എൽ.ഇ.ഡി ലാമ്പുകൾക്ക് 4200 രൂപ നിരക്കിൽ 323400 രൂപ അനുവദിച്ചിട്ടുണ്ട്.

1. ഇൻവോയ്സ് നം. 00064/13-3-2017 - 218400 (52 LED- 24 വാട്ട്)

2. ഇൻവോയ്സ് നം. 000671/25-3-2017 – 105000 (25 LED- 24 വാട്ട്)

വൈദ്യുതി ബോർഡിന്റെ മുടപ്പല്ലൂർ സെക്ഷനിലെ അസി. എഞ്ചിനിയറുടെ 29-3-2017 ലെ കത്ത് നം. AE/ES-MDLR/2016-17/199 പ്രകാരം എൽ.ഇ.ഡി ലാമ്പുകളുടെ സൂപ്പർവിഷൻ ചാർജ്ജിനത്തിൽ ലാമ്പ് ഒന്നിന് 300 രൂപ നിരക്കിൽ 77 ലാമ്പുകൾക്ക് 23100 രൂപ ഒടുക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ തുക ഒടുക്കിയിട്ടില്ല. ലാമ്പുകൾ സ്ഥാപിച്ചതായി വാർഡു മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും വൈദ്യുതി ബോർഡിൽ ഒടുക്കേണ്ടിയിരുന്ന സൂപ്പർവിഷൻ ചാർജജ് ഒടുക്കിയതിന് രേഖകളില്ല.
ഭരണസമിതിയുടെ 27-2-2017 ലെ തീരുമാനം നം. 27(1) പ്രകാരം ഫിറ്റിംഗ് ചാർജ്ജ്, സർവ്വീസ് ചാർജ്ജ് എന്നിവ സ്ഥാപനം തന്നെ വഹിക്കേണ്ടതാണെന്ന് തീരുമാനിച്ചിരുന്നുവെങ്കിലും എല്ലാ ചാർജ്ജുകളും ഉൾപ്പെട്ട തുകയാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്. സൂപ്പർവിഷൻ ചാർജ്ജിനത്തിൽ വൈദ്യുതി ബോർഡിൽ ഒടുക്കേണ്ടിയിരുന്ന 23100 രൂപ കൂടി സ്ഥാപനത്തിന് നൽകിയ നടപടി ക്രമപ്രകാരമല്ല. 23100 രൂപ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി വൈദ്യുതി ബോർഡിൽ ഒടുക്കുന്നതുവരെ 23100 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

ഡി. മറ്റ് അപാകതകൾ

4200 രൂപ നിരക്കിലാണ് ലാമ്പുകൾ വാങ്ങിയിട്ടുള്ളത്. 24 W LED ലാമ്പിന്റെ മാർക്കറ്റ് നിരക്ക് വിലയിരുത്തി നിരക്ക് യുക്തിഭദ്രമാണോ(Reasonable) എന്ന് പരിശോധിച്ചിട്ടില്ല. സാമഗ്രിയുടെ വില മാർക്കറ്റ് നിരക്കിനേക്കാളും കൂടിയതാണെങ്കിൽ നെഗോഷ്യേറ്റ് ചെയ്യാനുള്ള സാധ്യതയും പരിശോധിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 19/24-7-2017 പ്രകാരവും 24-7-2017 ലെ എക്സിറ്റ് മീറ്റിംഗിലും അപാകത

പഞ്ചായാത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ലാമ്പുകൾ സ്ഥാപിച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ടെങ്കിലും സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. സൂപ്പർവിഷൻ ചാർജ്ജ് K.S.E.B യിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.
2. വാങ്ങലുകൾ നടത്തുന്നത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയുടേയും ഭരണസമിതിയുടെ അംഗീകാരത്തോടെയും ആയിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
3. ടെണ്ടർ നോട്ടീസ്, സ്പെസിഫിക്കേഷൻ എന്നിവ തയ്യാറാക്കുമ്പോൾ എല്ലാ ഇനങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. വാങ്ങൽ നടപടികളിൽ ഉത്തരവാദിത്വവും, സുതാര്യതയും, കാര്യക്ഷമതയും പാലിക്കേണ്ടതാണ്. പരമാവധി മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭ്യമാക്കി മിതവ്യയത്വം ഉറപ്പാക്കേണ്ടതാണ്.
5. തുടർന്നുള്ള വാങ്ങലുകൾ നടത്തുമ്പോൾ സ.ഉ(പി) 259/2010/എൽ.എസ്.ജി.ഡി തിയതി 8-11-2010 ലെ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-8 ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

സ.ഉ.(സാധാ)നം.2465/2016/തസ്വഭവ തിയ്യതി 17.08.2016 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾകൊള്ളുന്ന ഒരു രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ലഭ്യമാകുമ്പോൾ അവ കാലാകാലങ്ങളിൽ (കൃത്യമായ ഇടവേളകളിൽ) യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്. രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി വയ്ക്കുക എന്ന ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള കേന്ദ്ര/ സംസ്ഥാനവിഷ്കൃത പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ഉപയോഗിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഭിന്നശേഷിക്കാരായ വ്യക്തികളെ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് സംസ്ഥാന സർക്കാർ ശുപാർശ ചെയ്യുന്ന രീതിയിലുള്ള സർവേകളോ/ ക്യാമ്പുകളോ ഗ്രാമപഞ്ചായത്ത് സംഘടിപ്പിക്കേണ്ടതും അപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നതിന് ഉപയോഗിക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഇത്തരം രജിസ്റ്റർ തയ്യാറാക്കിയശേഷം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള നിശ്ചിത ഫോറത്തിൻെറ മാതൃക ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം 16/11-7-2017 ന് നേരിട്ട് നൽകിയ മറുപടിയിൽ അത്തരത്തിലുള്ള രജിസ്റ്റർ നാളിതുവരെ തയ്യാറാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശിച്ച പ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-9 വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ഒ.ഡി.എഫ്)- വണ്ടാഴി ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം

ശുചിത്വ മിഷൻ ജില്ലാ കാര്യാലയത്തിന്റെ 3.2.2016 ലെ 580/15 നം. ഉത്തരവ് അനുസരിച്ച് തുറസായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിനായി ബേസ്‌ലൈൻ സർവ്വേ നടത്തിയത് പ്രകാരം 217 തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിന് 15400/-രൂപ വീതം സബ്സിഡി അനുവദിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ശുചിത്വ മിഷൻ മുഖേന കേന്ദ്ര വിഹിതമായി 12000/-രൂപ വീതം ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറണമെന്നും നിബന്ധനയുണ്ടായിരുന്നു. എന്നാൽ കേന്ദ്ര വിഹിതം ലഭ്യമാകുവാൻ വൈകിയതിനാൽ സർക്കാർ ഉത്തരവ്(സാധാ)നം. 2235/2016/തസ്വഭവ തിയ്യതി 25.7.2016 ലെ നിർദ്ദേശാനുസരണം വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയാണ് ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. 2016-17 വർഷത്തിൽ വണ്ടാഴി ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പ്രൊജക്റ്റിന്റെ വിവരം

പ്രോജക്റ്റ് നമ്പർ. 23/17- കക്കൂസ് നിർമ്മാണം

അടങ്കൽ -3080000 (വികസന ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ (സർക്കിൾ-1)

ചെലവ് - 3022700 രൂപ

| ബിൽ നം. /തിയതി | തുക |
|---|---:|
| 1/16-17/5.9.16 | 34000 |
| 2/16-17/5.9.16 | 474000 |
| 3/16-17/19.9.16 | 30600 |
| 4/16-17/22.9.16 | 398600 |
| 5/16-17/27.9.16 | 385700 |
| 6/16-17/27.9.16 | 220700 |
| 7/16-17/6.10.16 | 454200 |
| 8/16-17/21.10.16 | 265200 |
| 9/16-17/15.12.16 | 205300 |
| 11/16-17/25.2.17 | 38500 |
| 12/16-17/20.3.17 | 92400 |
| 13/16-17/30.3.17 | 423500 |
| ആകെ | 3022700 |

ബേസ്‌ലൈൻ സർവ്വേ പ്രകാരം ഗ്രാമപഞ്ചായത്ത് 217 പേരുടെ ലിസ്റ്റ് തയ്യാറാക്കുകയും തൻവർഷം കക്കൂസ് നിർമ്മാണം പൂർത്തീകരിച്ച 195 പേർക്ക് 15400 രൂപ വീതം ആകെ 300300 രൂപയും 2 പേർക്ക് 6000 രൂപ വീതം 12000 രൂപയും ഒരാൾക്ക് 7700 രൂപയും വിതരണം ചെയ്തിട്ടുണ്ട്. ആകെ 3022700 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

സി. ലഭ്യമായ കേന്ദ്രഫണ്ട് വിനിയോഗിക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചില്ല

ഒ.ഡി.എഫ് പദ്ധതിക്കായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച 1485000രൂപയുടെ കേന്ദ്ര ഫണ്ടിൻെറ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നമ്പരും തിയ്യതിയും | തുക | തുക വരവു വെച്ചതിന്റെ വിവരം |
|---|---|---|---|
| 1 | 874699/27.12.16 | 693000 | ട്രഷറി ടി.എസ്.ബി അക്കൗണ്ട് |
| 2 | 111540/17.3.17 | 792000 | തനത് ഫണ്ട് - എസ്.ബി.ടി അക്കൗണ്ട് |
| ആകെ | | 1485000 | |

സർക്കാർ ഉത്തരവ്(സാധാ)നം.2235/2016/തസ്വഭവ തിയ്യതി 25.7.2016 പ്രകാരം ഒ.ഡി.എഫ് പദ്ധതിയുടെ കേന്ദ്രവിഹിതം പദ്ധതി നടത്തിപ്പിനുശേഷം ലഭ്യമായാൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും തുക ചെലവഴിക്കുന്നതിനായി പ്രൊജക്റ്റുകൾ ആവിഷ്കരിച്ചിട്ടില്ല.

ഡി. വെളിയിട വിസർജ്ജന വിമുക്ത ഗ്രാമപഞ്ചായത്ത്

28.9.2016 ലെ തീരുമാനം 7 പ്രകാരം 29-9-2016 ന് ഗ്രാമപഞ്ചായത്ത് വെളിയിട വിസർജ്ജന വിമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

### ഓഡിറ്റ് നിരീക്ഷണം/നിർദ്ദേശം

1. ഒ.ഡി.എഫ് പദ്ധതി പ്രകാരം 195 പേർക്ക് കക്കൂസ് നിർമ്മിച്ച് നൽകിയിട്ടുണ്ട്. 3 പേർക്കുള്ള ധനസഹായം വിതരണം ചെയ്ത്, പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.
2. കേന്ദ്ര ഫണ്ടിനത്തിൽ ലഭ്യമായ തുക ഉചിതമായ രീതിയിൽ ചെലവഴിക്കുന്നതിന് തുടർപ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയോ അല്ലാത്തപക്ഷം ഉചിതമാർഗ്ഗേന തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

   ഓഡിറ്റ് അന്വേഷണം നം. 4/20-7-2017 പ്രകാരവും 24-7-2017 പ്രകാരവും വിഷയം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുക വകയിരുത്തി പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതാണെന്ന് പ്രസിഡണ്ട് അറിയിച്ചു.

തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 മാലിന്യ സംസ്കരണത്തിനായി ആവിഷ്കരിച്ച

## പദ്ധതികൾ നടപ്പിലാക്കിയില്ല

മാലിന്യ സംസ്കരണം ഏർപ്പെടുത്തുന്നതിനായി 2016-17 വർഷത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയെങ്കിലും തൻവർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കാതിരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റിന്റെ പേര് | വകയിരുത്തിയ തുക, ഫണ്ടിനം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 156/17-ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ | 525000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 375000+ ഗുണഭോക്തൃ വിഹിതം - 150000) | വി.ഇ.ഒ- സർക്കിൾ-1 |
| 2 | 8/17-ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ | 525000 (പ്ലാൻ -ജനറൽ - 131250+ കേന്ദ്രവിഹിതം-262500 + ഗുണഭോക്തൃ വിഹിതം - 131250) | വി.ഇ.ഒ സർക്കിൾ-2 |
| ആകെ | | 1050000 | |

ക്രമ നം. 1 ലെ പ്രൊജക്റ്റ് പ്രകാരം 8 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതമായി 24000 രൂപ (3000*8) ഈടാക്കി ഗ്രാമപഞ്ചായത്തിൻെറ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ ഉണ്ടാകാത്തതിനാൽ വകയിരുത്തിയ വികസന ഫണ്ട് തൻവർഷം ചെലവഴിക്കുവാൻ സാധിച്ചില്ല. ക്രമ മം. 1, 2017-18 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്റ്റ് ആക്കുകയും ക്രമ നം. 2 ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

എ. സബ്സിഡി മാനദണ്ഡങ്ങൾ കണക്കിലെടുക്കാതെ തുക വകയിരുത്തി

2016-17 വർഷത്തിൽ ആവിഷ്കരിച്ച് 2017-18 ൽ സ്പിൽ ഓവർ ആക്കിയ പ്രൊജക്റ്റിന്റെ ധനകാര്യ വിശകലനം താഴെ കൊടുക്കുന്നു.

പ്രോജക്റ്റ്-167/18-ഗാർഹിക ബയോഗ്യാസ്

അടങ്കൽ – 525000 (വികസനഫണ്ട്- 375000 + ഗുണഭോക്തൃ വിഹിതം-150000)

സർക്കാർ ഉത്തരവ് (എം.എസ്)നം. 4/16/ത.സ്വ.ഭ.വ തിയ്യതി 11.1.16 പ്രകാരം ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% സർക്കാരും (ശുചിത്വമിഷൻ) 25% പഞ്ചായത്തും 25% ഗുണഭോക്താക്കളുമാണ് ചെലവ് വഹിക്കേണ്ടത്. എന്നാൽ മേൽസൂചിപ്പിച്ച സ്പിൽഓവർ പ്രൊജക്റ്റിൽ 75% പഞ്ചായത്ത് വിഹിതവും 25% ഗുണഭോക്തൃ വിഹിതവുമാണ് വരയിരുത്തിയിട്ടുള്ളത്. സർക്കാർ വിഹിതം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആവശ്യമായ ഭേദഗതികൾ പ്രൊജക്റ്റിൽ വരുത്തേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

തുടർ വർഷങ്ങളിലെ പദ്ധതി നടത്തിപ്പിനായുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ

13-ാം പദ്ധതിക്കാലയളവിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. മാലിന്യ സംസ്കരണ പ്രൊജക്ടുകൾ 'ഹരിത കേരളം' മിഷന്റെ ഭാഗമായുള്ള ശുചിത്വ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന വിധത്തിൽ ആയിരിക്കേണ്ടതാണ്.
2. ജൈവ മാലിന്യങ്ങൾ ജൈവവള ഉൽപാദനത്തിനും ഊർജ്ജോൽപാദനത്തിനും ഉപയോഗപ്പെടുത്തുന്ന തരത്തിൽ പ്രൊജക്ടുകൾ ആവിഷ്കരിക്കണം.
3. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.
4. അജൈവ മാലിന്യങ്ങൾ പുനഃചംക്രമണത്തിന് വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക.
5. കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകേണ്ടതാണ്.
6. ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവരുടെ സാങ്കേതിക സഹകരണം ഉറപ്പാക്കേണ്ടതാണ്.
7. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ കംപോസ്റ്റ് പിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.
8. പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ അതാത് വർഷങ്ങളിൽ ബാധകമായ പദ്ധതി മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും കൂടി കണക്കിലെടുക്കേണ്ടതാണ്. 13-ാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്)നം.80/17/ത.സ്വ.ഭ.വ തിയതി 3-4-2017 പ്രകാരം ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% പഞ്ചായത്ത് വിഹിതവും 50% ഗുണഭോക്തൃ വിഹിതവുമാണ് വകയിരുത്തേണ്ടത്.
9. പദ്ധതി നടപ്പിലാക്കാത്ത പക്ഷം ഗുണഭോക്തൃവിഹിതമായി ഈടാക്കിയ തുക തിരികെ നൽകേണ്ടതാണ്.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം.3/20-7-2017 ന് ലഭിച്ച മറുപടിയിൽ പദ്ധതിയിലെ അപാകതമൂലം പദ്ധതി വീണ്ടും പുതുക്കേണ്ടതിനാൽ പുതുക്കിയ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-11 ഹോമിയോ ഡിസ്പൻസറിയിലേക്കുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല- തുടർനടപടികൾ ആവശ്യപ്പെടുന്നു

പ്രൊജക്ട് നം. - 46/2017

അടങ്കൽ - 300000 (മെയ്ന്റനൻസ് ഗ്രാന്റ്-റോഡിതരം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 300000

ബിൽ നം. - 11/7-12-2016

ഡി.ഡി നം - /28-12-2016

വണ്ടാഴി ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറി എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരമാണ് പ്രവർത്തിച്ചു വരുന്നത്. ആയതിനാൽ ഡിസ്പെൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനുള്ള പ്രൊജക്റ്റിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രവർത്തിച്ചത് സെക്രട്ടറിയാണ്.

2016-17 സാമ്പത്തിക വർഷത്തിൽ ഹോമിയോ ഡിസ്പൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴയുടെ പേരിൽ 300000/- രൂപയുടെ ഡി.ഡി അയച്ചു കൊടുത്തിട്ടുണ്ട്. 78 ഇനം മരുന്നുകളാണ് ആവശ്യപ്പെട്ടിരുന്നത് (ഇൻഡന്റ് നം. PF-160/5-10-16). നാളിതുവരെ 90290 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് (ബിൽ നം. LF-97/16-5-2017) എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

(ഓഡിറ്റ് അന്വേഷണം നം. 9/21-7-2017 പ്രകാരവും 24-7-2017 ലെ എക്സിറ്റ് മീറ്റിംഗിലും വിഷയം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

മരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഈ വിഷയം ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-12 അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

### 1. അങ്കണവാടികളുടെ ഭൗതികസാഹചര്യം വിലയിരുത്തൽ

ഗ്രമപഞ്ചായത്തിൽ ആകെ 31 അങ്കണവാടികളാണുള്ളത്. ഇതിൽ 11 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇനിയും 11 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. 17 അങ്കണവാടികളിൽ മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. 26 അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ഉണ്ട്. 20 അങ്കണവാടികളിൽ ടോയ്‌ലെറ്റ് സൗകര്യം ഉണ്ടെങ്കിലും അവയൊന്നും തന്നെ ബേബി ഫ്രണ്ട്‌ലി അല്ല. 11 അങ്കണവാടികളിൽ ടോയ്‌ലെറ്റ് സൗകര്യം ഇല്ല.
അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള 23-5-2017ലെ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറിൽ (നം. എ-1/10034/16) ആരോഗ്യമേഖലയിൽ നിരവധി സഹായങ്ങളും പ്രതിരോധ ചികിത്സകളും ലഭിക്കുന്ന അങ്കണവാടികളെ അവഗണിച്ച് സാധാരണ ജനങ്ങൾപോലും കൂണുപോലെ മുളച്ച് പൊങ്ങുന്ന ഇംഗ്ലീഷ് മീഡിയം പ്ലേ സ്കൂളുകളിലേക്ക് ആകർഷിക്കപ്പെടുന്നതിനുള്ള പ്രവണത തടയുന്നതിന് ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിനും പുതിയ കെട്ടിടങ്ങൾ തയ്യാറാക്കുമ്പോൾ ആയതിന് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയറിംഗ് വിഭാഗം അങ്കണവാടികൾക്ക് അനിവാര്യമായ കുടിവെള്ള പൈപ്പ്, ഇലക്ട്രിക് വയറിംഗ്, ടോയ്‌ലെറ്റ് എന്നിവകൂടി പ്ലാനിൽ

ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമായിട്ടും ആയത് ഉപയോഗിച്ച് കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മുൻഗണന കൊടുക്കുന്നതിന് പകരം ഉള്ള അങ്കണവാടികളുടെ ഗുണനിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിന് വേണ്ട നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.
അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുകയും മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം ലാബ് റിപ്പോർട്ട് ലഭ്യമായില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി 6 പോഷകാഹാര പരിപാടികളാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. പോഷകാഹാര പരിപാടിക്കായി വികസനഫണ്ടിൽ നിന്നും കേന്ദ്രഫണ്ടിൽ നിന്നുമായി 2356682 രൂപ വകയിരുത്തിയതിൽ 2372629 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. പോഷകാഹാരത്തിനായി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.10, 1.2.10 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമായില്ല.

3. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ല

സർക്കുലർ നമ്പർ 31055/ഡി.സി.2/2011/തസ്വഭവ തിയ്യതി 22.3.2011 ഖണ്ഡിക (സി) 1, 2, 3 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് പ്രാകാരമുള്ള സുരക്ഷാ സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടികൾ മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനിയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.
ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിലേക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (14/22.7.17) മറുപടി ലഭിച്ചിട്ടില്ല.

## 3-13 നെൽകൃഷിക്കുള്ള പ്രാരംഭ കൃഷിച്ചെലവിന്

## ധനസഹായം - നടപടിക്രമങ്ങളിലെ അപാകതമൂലം ബിൽ തുക മാറാതിരുന്നതിനാൽ തുക ചെലവഴിച്ചില്ല

പ്രൊ.നം. 25/17-നെൽകൃഷിക്കുള്ള പ്രാരംഭ കൃഷിച്ചെലവിന് ധനസഹായം

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ - 1480000രൂപ (വികസന ഫണ്ട് - 1440000 + മറ്റ് ഫണ്ട് - 40000)

ചെലവ് - 0

വകയിരുത്തിയ വികസനഫണ്ട് പിൻവലിക്കുന്നതിനായി ട്രഷറിയിൽ ബിൽ സമർപ്പിച്ചുവെങ്കിലും ബിൽ തയ്യാറാക്കിയതിലെ അപാകതമൂലം ട്രഷറിയിൽ ബിൽ തടസ്സപ്പെടുത്തിയതിനാൽ തൻവർഷം തുക മാറിയിട്ടില്ലെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ബിൽ നം. 2/16-17/7-3-2017 - 1440000 രൂപ

ബില്ലിനോടൊപ്പം സമർപ്പിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റിൽ സ്പെഷ്യൽ ക്യാരക്ടർ ഉള്ളതിനാലും, സർവ്വീസ് സഹകരണ ബാങ്കിലുള്ള അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുവാൻ കഴിയാത്തതിനാലും, ഗുണഭോക്തൃ ലിസ്റ്റ് ഒറ്റ ലിസ്റ്റായി സമർപ്പിക്കാത്തതിനാലും, ഗുണഭോക്താക്കളുടെ മൊബൈൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലുമാണ് തുക ട്രഷറിയിൽ തടസ്സപ്പെട്ടതെന്ന് ട്രഷറി ഓഫീസറുടെ 30-3-2017 തിയതിയിലെ കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്.

തടസ്സപ്പെട്ട തുക വകയിരുത്തി 2017-18 വർഷത്തിൽ സ്പിൽ ഓവർ പ്രൊജക്ടായി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല.

പ്രൊ.നം. 189/18.

അടങ്കൽ -1480000രൂപ (വികസന ഫണ്ട് - 1440000 + മറ്റ് ഫണ്ട് - 40000)

ഓഡിറ്റ് അന്വേഷണം നം. 8/21-7-2017 നുള്ള മറുപടിയിൽ ആധാർ നമ്പർ, മൊബൈൽ നമ്പർ എന്നിവ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിക്കൊണ്ടിരിക്കുന്നതായും തുക ഉടൻ മാറുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

നടപടിക്രമങ്ങളിലെ വീഴ്ചമൂലമാണ് ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി തുക അനുവദിക്കുവാൻ സാധിക്കാതിരുന്നതെന്ന് വിലയിരുത്തുന്നു.

വികസന ഫണ്ട് ഇത്തരത്തിൽ ചെലവഴിക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കർഷകർക്ക് സമയബന്ധിതമായി വിതരണം ചെയ്യേണ്ട തുക ഇത്തരത്തിലുള്ള സാങ്കേതിക പ്രശ്നങ്ങളിൽപ്പെട്ട് തടസ്സപ്പെടുന്നത് ഒഴിവാക്കേണ്ടതാണ്.

പദ്ധതി പ്രവർത്തനങ്ങളിൽ കാര്യക്ഷമത ഉണ്ടാകുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും കരുതൽ ഉണ്ടാകേണ്ടതാണ്.

# 3-14 അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്-

## അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തുവാൻ ലക്ഷ്യമിട്ട് 2016-17 വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ 88 പ്രവൃത്തികളിൽ 50 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. 80 പ്രവൃത്തികളാണ് ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട 31210202 രൂപയിൽ 15506537 രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത് (50%).

നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ ഇനം | എണ്ണം |
|---|---|---|
| 1 | കുടിവെള്ള പദ്ധതി | 12 |
| 2 | റോഡ് മെറ്റലിംഗ്/ കോൺക്രീറ്റ് | 19 |
| 3 | റോഡ് ടാറിംഗ്/ റീടാറിംഗ് | 8 |
| 4 | അരികു സംരക്ഷണം | 4 |
| 5 | കെട്ടിടം | 7 |
| ആകെ | | 50 |

ഓരോ സാമ്പത്തിക വർഷവും ഏറ്റെടുക്കുന്ന പ്രവൃത്തകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2016-17 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്പിൽ ഓവർ പ്രവൃത്തികളുടെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുന്നില്ല.
2. മരാമത്ത് പ്രവൃത്തികളുടേയും ഫയലുകളിൽ കരാറുകാർക്ക് അയയ്ക്കുന്ന സെലക്ഷൻ നോട്ടീസിൽ ഭരണസമിതി ടെണ്ടർ അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും രേഖപ്പെടുത്തുന്നില്ല.
3. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും ചേർക്കുന്നില്ല.
4. കാലഹരണപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ ഒഴിവാക്കിയിട്ടില്ല.
5. എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തുന്ന കരാറുകാരുടെ അപേക്ഷ, കാലാവധി നീട്ടിക്കൊടുക്കുവാനുള്ള അസിസ്റ്റന്റ് എഞ്ചിനിയറുടെ ശുപാർശ, ഭരണസമിതിയുടെ തീരുമാനം തുടങ്ങിയ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് അന്വേഷണം നം. 5/20-7-2017 നുള്ള മറുപടിയിൽ രേഖകൾ കൃത്യതയോടെ സൂക്ഷിക്കുന്നതാണെന്ന് അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.
രേഖകളുടെ സൂക്ഷിപ്പിൽ കൃത്യതയുണ്ടാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-15 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ

## ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിന ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീ കരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേ ണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 1129/17-വൃദ്ധ വിശ്രമ കേന്ദ്രം നവീകരണം<br>അടങ്കൽ - 100000<br>കരാർ തുക - 100000<br>കരാറുകാരൻ - ശ്രീ. എം.ഷൈജു<br>എം.ബുക്ക് നം. - 91/15-16<br>ബിൽ നം. 25/28-2-2017 - 100000 | 18-1-2017 | 31-1-2017 | 13-2-2017<br>നം. 57 | 1000 |

ഓഡിറ്റ് അന്വേഷണം നം. 5/20-7-2017 നുള്ള മറുപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുക ഈടാക്കി തനത്ഫണ്ടിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-16 എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനിയർ കരാറുകാരുമായി ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ അഞ്ചിലൊന്നു സമയം (20%) കൂടി പിഴ കൂടാതെ പ്രവൃത്തി തുടരുവാൻ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ടും മാത്രമേ കാലാവധി നീട്ടി നൽകാവൂ എന്ന് വ്യവസ്ഥയുണ്ട്.

താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ (AE/VEO ഓഫീസ്) നവീകരണം

| | |
|---|---|
| പ്രൊ.നം. 150/16 (15/17) | അടങ്കൽ- 551200 രൂപ<br>കരാർ തുക - 549858രൂപ |
| എഗ്രിമെന്റ് നം. - 87/23-2-2016 | |
| ചെലവ് - 478385 രൂപ | ബിൽ നം.2/18-2-2017 |
| കരാറുകാരൻ - ശ്രീ. മനോജ്.സി.എം | അളവ് പുസ്തകം നം.111/15-16 |

31-3-2016 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 10-5-2016 നാണ്. കരാറുകാരൻ പൂർത്തീകരണ തിയതി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. പൂർത്തീകരണ കാലാവധിയുടെ 20% വരെ പിഴകൂടാതെ അനുവദിക്കാവുന്നതാണെങ്കിലും ആയതിനു ശേഷം വരുന്ന കാലയളവിലേക്ക് എഗ്രിമെന്റ് പ്രകാരമുള്ള പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തിയതി | 23-2-2016 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | 31-3-2016 |
| യഥാർത്ഥത്തിൽ പൂർത്തീകരിച്ച തിയതി | 10-5-2016 |
| ഗ്രേസ് പിരീഡ് | 23-2-2016 മുതൽ 31-3-2016 വരെയുള്ള കാലാവധിയുടെ 20%.<br>37*20/100 -8 ദിവസം |
| ഈടാക്കേണ്ടിയിരുന്ന പിഴ | 9-4-2016 മുതൽ 10-5-2016 വരെ (1%) - 549858*1/100 * 32/90 = 1955 രൂപ |
| ഈടാക്കിയത് | 0 |
| ഈടാക്കുവാൻ ബാക്കിയുള്ള പിഴ | 1955 രൂപ |

തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 5/20-7-2017 നുള്ള മറുപടിയിൽ അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി

തനത്ഫണ്ടിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-17 വടക്കുമുറി കുടിവെള്ള പദ്ധതി - എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർവ്വഹണം നടത്തി

പ്രൊ.നം. 144/17

അടങ്കൽ - 200000 രൂപ (സി.എഫ്.സി)

കരാറുകാരൻ - ശ്രീ.ഫ്രാങ്ക്ലിൻ ജോസ്

എഗ്രിമെന്റ് - 21/30-1-2017

ചെലവ് - 139513 (ബിൽ നം. 24/28-2-2017)

അളവു പുസ്തകം നം. 449/16-17

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ മോട്ടോറും പൈപ്പുകളും മാറ്റുന്നതിനും 228 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുമാണ് ലക്ഷ്യമിട്ടത്. പ്രൊജക്റ്റിൽ 150000 രൂപ മോട്ടോറിനും 50000 രൂപ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുമായി വകയിരുത്തിയിട്ടുണ്ട്. അളവു പുസ്തകം, ബിൽ എന്നിവ പ്രകാരം പഴയ 5 HP മോട്ടോർ മാറ്റുകയും 7.5 HP യുടെ പുതിയ മോട്ടോർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പൈപ്പ് ലൈൻ ആവശ്യമില്ല എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

200000 രൂപ വകയിരുത്തിയ പ്രവൃത്തിയുടെ ചെലവ് 139513 രൂപ മാത്രമാണ്. ആവശ്യകത വിലയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതുമൂലം പൈപ്പ് ലൈനിനായി നീക്കിവെച്ച 50000 രൂപ മറ്റൊരു പ്രൊജക്റ്റിനായി വിനിയോഗിക്കുവാനുള്ള സാധ്യത ഇല്ലാതായതായി വിലയിരുത്തുന്നു.
ഓഡിറ്റ് അന്വേഷണം നം. 5/20-7-2017 നുള്ള മറുപടിയിൽ പൈപ്പ് ലൈൻ മാറ്റുകയാണെങ്കിൽ ആ പ്രദേശത്തെ മുഴുവൻ പൈപ്പും മാറ്റണമെന്ന ആവശ്യം ഉയർന്നു വന്നതിനാലാണ് പദ്ധതി ഭാഗികമാക്കി പൂർത്തീകരിക്കേണ്ടി വന്നതെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുമ്പായി പ്രാദേശിക ആവശ്യകത കൂടി കണക്കിലെടുത്ത് ആവശ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതിയിൽ നിന്നും വ്യതിചലിക്കുമ്പോൾ ആയതിന്റെ കാരണം വ്യക്തമാക്കുന്ന രേഖകൾ കൂടി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 3-18 സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സിംഗിൾ ടെണ്ടർ അംഗീകരിച്ചു

പഞ്ചായത്ത് ഓഫീസിനായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ ഒന്നാം ഘട്ടം പൂർത്തീകരിക്കുന്നതിനുള്ള പ്രവൃത്തിക്കായി ലോക ബാങ്ക് ഫണ്ട് (KLGSDP) വകയിരുത്തി ആവിഷ്കരിച്ച പ്രവൃത്തിക്കായി ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ സിംഗിൾ ടെണ്ടറാണ് ലഭ്യമായത്. ഏക ടെണ്ടറുകളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെയാണ് ടെണ്ടർ തുറക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതെന്ന് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

| 1. 168/16 (16/17)-പഞ്ചായത്ത് ഓഫീസ് കെട്ടിടം രണ്ടാംനില നിർമ്മാണം |
|---|
| അടങ്കൽ - 3534000 (കെ.എൽ.ജി.എസ്.ഡി.പി)<br>കരാറുകാരൻ - ശ്രീ. മനോജ്.സി.എം<br>ടെണ്ടർ തിയതി - 25-8-2015<br>ടെണ്ടർ നിരക്ക് - 0.1% കുറവ്<br>ഭരണസമിതി ടെണ്ടർ അംഗീകരിച്ച തിയതി - 26-8-2015 (തീരുമാനം നം. 2)<br>എഗ്രമെന്റ് നം. -62/ 25-11-2015<br>ചെലവ് - 3472789<br>ബിൽ നം.3/18-2-2017 |

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ സിംഗിൾ ടെണ്ടർ ലഭ്യമായാൽ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള കാലാവധി പരമാവധി 15 ദിവസത്തേക്ക് ദീർഘിപ്പിച്ചു നൽകേണ്ടതാണ് 3-7-2015 ലെ സ.ഉ(പി)നം. 324/15/ഫിൻ പ്രകാരം പുറപ്പെടുവിച്ച ഏക ടെണ്ടറുകൾ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ദീർഘിപ്പിച്ചു നൽകിയ കാലയളവിനുള്ളിൽ കൂടുതൽ ടെണ്ടറുകൾ ലഭ്യമായില്ലെങ്കിൽ റീ ടെണ്ടർ നടത്തേണ്ടതാണെന്നും ആദ്യം ലഭ്യമായ സിംഗിൾ ടെണ്ടർ തുറക്കുവാൻ പാടില്ലെന്നും എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കാണെങ്കിലും പരിഗണിക്കേണ്ടതില്ലെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ കാലയളവ് ദീർഘിപ്പിക്കുകയോ റീടെണ്ടർ നടത്തുകയോ ചെയ്യാതെ മേൽ പ്രവൃത്തിയുടെ സിംഗിൾ ടെണ്ടർ അംഗീകരിച്ചത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്.

35.34 ലക്ഷം രൂപ അടങ്കലുള്ള പ്രവൃത്തിയുടെ കരാറുകാരൻ എസ്റ്റിമേറ്റ് തുകയേക്കാളും 0.1% കുറവ് നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നത്. കൂടുതൽ ടെണ്ടറുകൾ ലഭ്യമാക്കി മത്സരം വർദ്ധിപ്പിച്ച് മിതവ്യയത്വം (Economy) പാലിക്കുന്നതിനുള്ള സാധ്യത തെറ്റായ തീരുമാനത്തിലൂടെ ഉണ്ടായതായി വിലയിരുത്തുന്നു. മരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങളിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും 1997 ലെ കേരള പഞ്ചായത്ത് രാജ്

(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012 ലെ കേരള പൊതുമരാമത്ത് മാന്വലിലെയും വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്. ഭരണസമിതിയെ വസ്തുതകൾ ബോധിപ്പിക്കേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. ടെണ്ടർനടപടികളിൽ സുതാര്യതയും (Transparency), മിതവ്യയത്വവും ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേക ശ്രദ്ധിക്കേണ്ടതാണ്.

# 3-19 പാലിയേറ്റീവ് പരിചരണ പരിപാടി - അവലോകനം

പ്രൊജക്ട് നം. 28/2017-പാലിയേറ്റീവ് പരിചരണ പരിപാടി
അടങ്കൽ -561000 (വികസന ഫണ്ട്)

തൻവർഷത്തെ ചെലവ് -479719

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി വകയിരുത്തിയ 561000 രൂപയിൽ 479719 രൂപ ചെലവഴി തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പ് രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.
ചെലവ് വിവരം

| വികസന ഫണ്ട്<br>ബിൽ നം., തിയതി | തുക |
|---|---|
| 1/20-10-16 | 93853 |
| 2/20-10-16 | 51069 |
| 3/15-11-16 | 25480 |
| 4/25-12-16 | 25452 |
| 5/19-12-16 | 25445 |
| 12/16-3-16 | 27960 |
| 13/16-3-17 | 197728 |
| 18/29-3-17 | 32732 |
| ആകെ | 479719 |

2017 മാർച്ച് 31 വരെയുള്ള കണക്ക പ്രകാരം പാലിയേറ്റീവ് കെയർ നോമിനൽ രജിസ്റ്ററിൽ ആകെ 629 പേർ രജിസ്റ്റർ ചെയ്യുകയും, അതിൽ ഗൃഹപരിചരണം ആവശ്യമായ 348 പേരെ ഫോളോഅപ്പ് ഹോം കെയർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ഗൃഹപരിചരണം തുടർന്നു വരുകയും

ചെയ്യുന്നുണ്ട്. വീടുകൾ സന്ദർശിച്ച് പരിചരണ പ്രവർത്തനങ്ങൾ നടത്തുകയും ആയത് പ്രതിമാസ യോഗങ്ങളിൽ വിശകലനം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

പാലിയേറ്റീവ് രോഗി ബന്ധു സംഗമം, റാലി, പാലിയേറ്റീവ് ദിനാചരണം വിവിധ സംഘടനകൾ, വ്യക്തികൾ മുതലായവരുടെ സംഭാവന മുഖേന നിർദ്ധനരായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനകിറ്റ് വിതരണം, ഓണകിറ്റ് വിതരണം, പാലിയേറ്റീവ് പദ്ധതിയുടെ കീഴിൽ രോഗികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വിതരണം, ആയുർവേദം, ഹോമിയോ മരുന്നുകൾ വാങ്ങൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ബി .പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റിയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്

പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ ഖണ്ഡിക 2.4 പ്രകാരം പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റിയുടെ രൂപീകരണം, കമ്മിറ്റിയിലെ അംഗങ്ങൾ, കമ്മിറ്റിയുടെ ചുമതലകൾ എന്നിവ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മിറ്റി എല്ലാ മാസവും 5 -ാം തിയതിക്കു മുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. രജിസ്റ്ററുകളുടെ പരിശോധനയിൽ 22-3-2016 നു ശേഷം 25-10-2016 നാണ് പ്രസ്തുത മീറ്റിംഗ് നടന്നിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. പാലിയേറ്റീവ് കെയർ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രവർത്തനത്തോടൊപ്പം തന്നെ മോണിറ്ററിംഗ് സംവിധാനവും ശക്തമാക്കേണ്ടതാണ്.

സി. ബ്ലോക്ക് പഞ്ചയത്ത് വിഹിതം ഫലപ്രദമായി വിനിയോഗിച്ചില്ല

നെന്മാറ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ചെക്ക് നമ്പർ 798136/29-3-2016 പ്രകാരം ലഭ്യമായ 500000 രൂപയിൽ 110985 രൂപ മാത്രം വിനിയോഗിച്ച് ബാക്കി തുകയായ 389015 രൂപ ചലാൻ നമ്പർ 82/29-8-2016 പ്രകാരം സർക്കാരിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ട്. അവശരായ രോഗികളുടെ ആരോഗ്യരക്ഷയ്ക്കായി ചെലവഴിക്കേണ്ട തുക സാമ്പത്തിക വർഷം അവസാനിക്കാറായപ്പോഴാണ് മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുള്ളത്. ഫണ്ടുകളുടെ വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി), പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.
3. വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന തുകയുടെ വിനിയോഗം കാര്യക്ഷമമായി നടത്തേണ്ടതാണ്.

4. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നു വരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത

പരിശോധിക്കേണ്ടതാണ്. 29-10-2015 ലെ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ ഉത്തരവിൽ വാഹനം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. കൂടുതൽ സ്ഥലങ്ങളിൽ സംഭാവനാ ബോക്സുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.
അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-20 തനത്ഫണ്ട് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നത് ഒഴിവാക്കേണ്ടതാണ്

സർക്കുലർ നം. 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ തിയതി 26-5-2011 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം തനത്ഫണ്ട് നിക്ഷേപിക്കാവുന്നതാണ്. ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുത് എന്നും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തനത് വരുമാനം സൂക്ഷിക്കാൻ ട്രഷറി അക്കൗണ്ടിന് പുറമെ രണ്ട് ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിപ്പ് |
|---|---|---|---|
| 1 | എസ്.ബി.ഐ വടക്കഞ്ചേരി | 66602 | ₹ 1662406 |
| 2 | വണ്ടാഴി സർവീസ് കോ-ഓപറേറ്റീവ് ബാങ്ക് | 777 | ₹ 8393586 |

കൂടാതെ നോട്ട് നിരോധനത്തെ തുടർന്ന് ഗ്രാമപഞ്ചായത്തിൻെറ പെൻഷൻ അക്കൗണ്ട്, സാക്ഷരത എന്നീ അക്കൗണ്ടുകളിലും തനത്ഫണ്ട് നിക്ഷേപിച്ചിട്ടുണ്ട്. ഇങ്ങനെ നിക്ഷേപിച്ച തുക നിലവിലും

പ്രസ്തുത അക്കൗണ്ടുകളിൽ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് /അക്കൗണ്ട് നമ്പർ | തനത്ഫണ്ട് തുക |
|---|---|---|
| 1 | വിജയ ബാങ്ക്-സാക്ഷരത-5790 | 1776 |
| 2 | വിജയ ബാങ്ക്-പെൻഷൻ | 201 |

വിവിധ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തനത്ഫണ്ട് തിരികെ തനത്ഫണ്ടിൻെറ പ്രധാന അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമായി ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം ഒറ്റ ബാങ്ക് അക്കൗണ്ടിൽ മാത്രം സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 കൃഷി ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കേണ്ടതാണ്

നിലവിലുള്ള സംവിധാനം അനുസരിച്ച് നിർവ്വഹണോദ്യോഗസ്ഥൻെറ പേരിൽ ഒരു സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് മാത്രമാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ കൃഷി ഓഫീസറുടെ പേരിൽ വണ്ടാഴി സർവ്വീസ് സഹകരണ ബാങ്കിൽ ഒരു ബാങ്ക് അക്കൗണ്ട് (നം.2442) നിലനിൽക്കുന്നതായി പരിശോധനയിൽ കണ്ടെത്തി. അക്കൗണ്ടിലെ 5.11.2016 ലെ ബാലൻസ് 5805 രൂപയാണ്. ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1000000 | അങ്കണവാടി നിർമ്മാണം | - | 1000000 |
| | | 275000 | ക്ഷീര കർഷകർക്ക് സബ്സിഡി | 275000 | 0 |
| | | 398277 | ഉഴവു കൂലി | - | 398277 |
| | | 727000 | സോളാർ തെരുവു വിളക്ക് സ്ഥാപിക്കൽ | 379000 | 348000 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 1319295 | ഉഴവു കൂലി | 655500 | 663795 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | 171/17-സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ | 28/29-3-2017<br>27/29-3-2017 | 149837<br>981373 | തുകയുടെ വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല. | | |
| | 173/17-സമ്പൂർണ്ണ വൈദ്യുതി ലൈൻ നീട്ടൽ | 26/29-3-2017 | 500000 | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 50652 രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 12-13 മുതൽ 14-15 വരെ | 2-3<br>സ്ഥാപന തൊഴിൽ നികുതി | 7500 | 11607100523/ 27-4-2016 | മാനേജർ,<br>ബിവറേജസ് കോർപ്പറേഷൻ<br>(പേര് രേഖപ്പെടുത്തിയിട്ടില്ല) |

| | | | | |
|---|---|---|---|---|
| | 2-1<br>(തൊഴിൽ നികുതി) | 2400 | 11607100636/<br>3-5-2016 | ശ്രീ.ഷാഹുൽ ഹമീദ്.എ, ശ്രീ.കെ.കൃഷ്ണൻ, ശ്രീ.കെ.രാധാകൃഷ്ണൻ എന്നീ 3 സെക്രട്ടറി മാർ.<br>(രസീതിയിലും ഓഡിറ്റ് റിക്കവറി രജിസ്റ്ററിലും പേര് രേഖപ്പെടുത്തിയിട്ടില്ല) |
| | | 2400 | 11607100637/<br>3-5-2016 | |
| | | 3180 | 11607100851/<br>19-5-2016 | |
| | | 1000 | 11607100852/<br>19-5-2016 | |
| | | 1000 | | |
| | | 1000 | | |
| | | 1000 | | |
| | | 2400 | 11607101152/<br>6-6-2016 | |
| | | 2400 | 11607101152/<br>6-6-2016 | |
| | | 2400 | 11607101578/<br>2-7-2016 | |
| | 2-3 | 3750 | 11607400008/<br>8-8-2016 | |
| | 2-3 | 2500 | 11607103245/<br>5-10-2016 | |
| | 2-1 | 750 | 11607102893/<br>23-9-2016 | |
| | 2-1 | 150 | 11607102894/<br>23-9-2016 | |
| | 2-2 | 6840 | 11607104313/<br>25-11-2016 | |
| | 3-3 | 332 | 11607101622/<br>5-7-2016 | ശ്രീമതി.പി.സി.ത്രേസ്യ.എ.ഇ |
| | 3-4 | 150 | 11607101577/<br>2-7-2016 | ശ്രീ.എ.രമേഷ്, അസി.എഞ്ചിനിയർ |
| 2011-12 | 2-2<br>സ്ഥാപന തൊഴിൽ നികുതി | 6250 | 11607500003/<br>9-6-2016 | കെ.എസ്.ഇ.ബി<br>എക്സി.എഞ്ചിനിയർ<br>(പേര് രേഖപ്പെടുത്തിയിട്ടില്ല) |

| | | | | |
|---|---|---|---|---|
| | 2-2 | 1250 | 11607103242/<br>5-10-2016 | മാനേജർ,<br>ബിവറേജസ് കോർപ്പറേഷൻ<br>(പേര് രേഖപ്പെടുത്തി യിട്ടില്ല) |
| | 2-3 | 2000 | 11607103385/<br>18-10-2016 | മാനേജർ, സഫ ഫ്യുവൽസ് |
| ആകെ | | 50652 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61603145 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53940897 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2955 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 189040 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-15 | - | 1000 (Fine) | ശ്രീ.എം.രമേഷ്, അസി.എഞ്ചിനിയർ |
| 3-16 | - | 1955 (Fine) | |
| ആകെ | | 2955 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 15940 | ശ്രീമതി.ലോഹിതാക്ഷി.പി.എം, എച്ച്.എം, ജി.എൽ.പി.എസ് കടപ്പാറ |
| 3-6 | 150000 | ശ്രീമതി.ബിൻസി ചെറിയാൻ, അസി. സെക്രട്ടറി. |
| 3-7 | 23100 | ശ്രീ.കെ.നാരായണൻ, അസി. സെക്രട്ടറി(സെക്രട്ടറി ഇൻ-ചാർജ്ജ്) |
| ആകെ | 189040 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.രമേഷ്, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, പല്ലശ്ശന ഗ്രാമപഞ്ചായത്ത് | ചിറ്റടി കളം, കരിപ്പോട് (പി.ഒ), പാലക്കാട്-678503 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി9-935/97/28-12-2007 | 8 |
| 1997-98 | എൽ.എഫ്.പി10-92/2005/3-4-2007 | 7 |
| 1998-99 | എൽ.എഫ്.പി10-204/2003/16-10-2003 | 9 |
| 1999-2000 | എൽ.എഫ്.പി10-92/2005/25-4-2006 | 20 |
| 2000-2001 | എൽ.എഫ്.പി10-1173/2006/1-1-2008 | 18 |
| 2001-02 | എൽ.എഫ്.പി10-503/2008/7-10-2010 | 10 |
| 2002-03 | എൽ.എഫ്.പി10-504/2008/20-4-2011 | 8 |
| 2003-04 | എൽ.എഫ്.പി10-1055/2010/7-6-2011 | 6 |
| 2004-05 | എൽ.എഫ്.പി10-1055/2010/16-8-2011 | 12 |
| 2005-06 | എൽ.എഫ്.പി18-988(1)/2013/12-11-2014 | 6 |
| 2006-07 | കെ.എസ്.എ-പികെഡി-18-257/2015/ 12-10-2015 | 3 |
| 2007-08 | കെ.എസ്.എ-പികെഡി-18-982/2012/2012/ 12-11-2014 | 2 |
| 2008-09 | കെ.എസ്.എ-പികെഡി-18-982/266/2015/ 12-10-2015 | 2 |
| 2009-10 & 2010-11 | കെ.എസ്.എ-പികെഡി-18-982/1735/2014/ 18-10-2016 | 11 |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ-പികെഡി-18-1970/ 2014/ 21-5-2016 | 12 |
| 2012-13, 2013-14 & 2014-15 | കെ.എസ്.എ-പികെഡി-18-1807/ 2015/ 20-5-2017 | 19 |
| 2015-16 | കെ.എസ്.എ-പികെഡി-18-2292/ 2016/ 28-12-2016 | 7 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

# 1

# അനുബന്ധം 1

നം. കെ.എസ്.എ-പികെഡി.18-1459/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തിയതി : 22.08.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് തുകകൾ സഞ്ചയ സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ.

No. KSA-PKD18-1459/2017

Kerala State Audit Department

District Audit Office,Palakkad

Date :22.08.2017

## Audit Certificate

Certified that I have audited the Annual Financial Statement of Vandazhi Grama Panchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Vandazhi Grama Panchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director.

## Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.2.
2. Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.

Deputy Director.